LIBRARY ARCHIVES Kerala Legislative Assembly

കോക്ലിയർ ഇംപ്ലാന്റേഷൻ-മാനദണ്ഡങ്ങൾ

330(1709) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സ സൗജന്യമായി നൽകുന്നതിന് കോഴിക്കോട് ജില്ലയിൽ അംഗീകാരമുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സൗജന്യ ചികിത്സ ലഭിക്കുന്നതിന് നിഷ്കർഷിക്കപ്പെട്ട മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ചുവടെപ്പറയുന്ന മൂന്ന് ആശുപത്രികളെയാണ് ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ എംപാനൽ ചെയ്തിട്ടുള്ളത്.

1. ഡോ. മനോജ്സ് ഇ.എൻ.റ്റി. സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്.
2. മിംസ് ആശുപത്രി, കോഴിക്കോട്.
3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.

(ബി) കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെപ്പറയുന്നവയാണ്:

1. 0-5 വയസ്സുവരെ പ്രായമുള്ള കുട്ടികളായിരിക്കണം.
2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ അധികരിക്കരുത്.
3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.

അങ്കണവാടി കെട്ടിടത്തിനുള്ള ഫണ്ട്

331(1710) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ബ്ലോക്കിന് കീഴിൽ നഗരൂർ, പഴയകുന്നുമ്മേൽ, പുളിമാത്ത്, കിളിമാനൂർ,കരവാരം ഗ്രാമപഞ്ചായത്തുകളിലായി 2014 മാർച്ച് 31-ന് ശേഷം എതെല്ലാം അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ ഫണ്ട് ലഭ്യമായിട്ടുണ്ടെന്നും ഫണ്ട് ലഭ്യമായത് എവിടെ നിന്നാണെന്നും വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ;

(സി) നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കിളിമാനൂർ ബ്ലോക്കിന് കീഴിൽ നഗരൂർ, പഴയകുന്നുമ്മേൽ, പുളിമാത്ത്, കിളിമാനൂർ, കരവാരം ഗ്രാമപഞ്ചായത്തുകളിലായി, 2014 മാർച്ച് 31-നുശേഷം നിർമ്മിച്ച അങ്കണവാടി കെട്ടിടങ്ങളുടെ വിവരങ്ങളും ആയതിന് ലഭ്യമായ ഫണ്ട് സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	അങ്കണവാടി സെന്റർ	ഫണ്ട് വിവരം	നിലവിലെ സ്ഥിതി
1	2	3	4	5
1	നഗരൂർ	95	പഞ്ചായത്ത്	ഉദ്ഘാടനം കഴിഞ്ഞു
		96	പഞ്ചായത്ത്	ഉദ്ഘാടനം കഴിഞ്ഞു
		97	സംസ്ഥാന ഫണ്ട്	പണി പുരോഗതിയിലാണ്
		99	RIDF	ടെൻഡർ ആയിട്ടില്ല
		108	RIDF	ടെൻഡർ ആയിട്ടില്ല
2	പഴയകുന്നുമ്മേൽ	41	പഞ്ചായത്ത്	ഉദ്ഘാടനം കഴിഞ്ഞു
		54	പഞ്ചായത്ത്	ഉദ്ഘാടനം കഴിഞ്ഞു
		53	സാമൂഹ്യനീതി വകുപ്പ്	പണി ആരംഭിച്ചിട്ടില്ല
		43	RIDF	ടെൻഡർ ആയിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4	5
3	പുളിമാത്ത്	15	MP ഫണ്ടും പഞ്ചായത്ത് ഫണ്ടും	ഉദ്ഘാടനം കഴിഞ്ഞു
		33	പഞ്ചായത്ത് ഫണ്ട്	ഉദ്ഘാടനം കഴിഞ്ഞു
		10	പഞ്ചായത്ത് ഫണ്ട്	ഉദ്ഘാടനം കഴിഞ്ഞു
		7	RIDF	ടെൻഡർ ആയിട്ടില്ല
		23	RIDF	ടെൻഡർ ആയിട്ടില്ല
4	കരവാരം	84	RIDF	പണി പുരോഗതിയിലാണ്
		113	RIDF	പണി പുരോഗതിയിലാണ്
5	കിളിമാന്നൂർ	ഇല്ല	-	-

(ബി) ഭരണാനുമതി ലഭിച്ച പ്രവർത്തികളുടെ നിർമ്മാണ പ്രവർത്തന പുരോഗതിയും കെട്ടിട നിർമ്മാണ ഏജൻസിയുടെ വിവരവും ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	അങ്കണവാടി സെന്റർ നമ്പർ	ഭരണാനുമതി ലഭ്യമായ പ്രവർത്തികളുടെ നിർമ്മാണ പുരോഗതി	മേൽനോട്ടം വഹിക്കുന്ന ഏജൻസി
1	2	3	4	5
1	നഗരൂർ	97	പണിപുരോഗതിയിലാണ്.	PWD
		99	ടെൻഡർ നടപടികളിലാണ്	LSGD
		108	ടെൻഡർ നടപടികളിലാണ്	LSGD

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4	5
2	പഴയകുന്നുമ്മേൽ	53	പണി ആരംഭിച്ചിട്ടില്ല.	LSGD
		43	ടെൻഡർ നടപടി കളിലാണ്	LSGD
3	പുളിമാത്ത്	7	ടെൻഡർ നടപടി കളിലാണ്	LSGD
		23	ടെൻഡർ നടപടി കളിലാണ്	LSGD
4	കരവാരം	84	പണി പുരോഗതി യിലാണ്	LSGD
		113	പണി പുരോഗതി യിലാണ്	LSGD

(സി) കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം

332(1711) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഇപ്പോഴത്തെ പ്രതിമാസ ഓണറേറിയം എത്രയാണ്;

(ബി) ഓണറേറിയം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്രയായി വർദ്ധിപ്പിക്കും; എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അങ്കണവാടി വർക്കർ, ഹെൽപ്പർമാരുടെ ഓണറേറിയത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു:

1	2	3	4	5
	സംസ്ഥാന വിഹിതം	കേന്ദ്ര വിഹിതം	തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം	ആകെ
വർക്കർ	2600	3000	1000	6600
ഹെൽപ്പർ	2600	1500	1000	5100

LIBRARY ARCHIVES Kerala Legislative Assembly